**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1455** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ടും അടിസ്ഥാന വേതനത്തിനോടൊപ്പം ക്ഷാമബത്തയും, സൗജന്യ ഭക്ഷണവും, അധിക ജോലിയ്ക്ക് അധിക വേതനവും നൽകേണ്ടതാണെന്നും സ്ത്രീ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന സ്ഥലത്തുള്ള സുരക്ഷിതത്വം ഗൃഹനാഥ/ഗൃഹനാഥൻ ഉറപ്പ് വരുത്തേണ്ടതാണെന്നും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഗാർഹിക തൊഴിൽ മേഖലയിലെ സ്ത്രീകൾ ഉൾപ്പടെയുള്ള തൊഴിലാളികൾക്ക് **2015 ലെ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ അംഗത്വം നേടുന്നവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ആനുകൂല്യം, ചികിത്സാ ധനസഹായം, മരണാനന്തരാനുകൂല്യം എന്നീ ആനുകൂല്യങ്ങൾ പദ്ധതി വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നുണ്ട്. പദ്ധതി അംഗത്വം സാധുതയോടെ നിലനിർത്തുന്ന തൊഴിലാളികൾക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്കിൽ പെൻഷനും വിതരണം ചെയ്യുന്നുണ്ട് .** |
| (ബി) | ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | ഗാർഹിക തൊഴിലാളി റിക്രൂട്ടിംഗ് ഏജൻസികൾക്ക് തൊഴിൽ വകുപ്പിൽ ലൈസൻസ് നിർബന്ധമാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകുമോ? | (സി) | അസംഘടിത തൊഴിലാളികൾക്കായി 2008-ൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന അസംഘടിത തൊഴിലാളി ആക്ടിലെ വ്യവസ്ഥകൾക്കും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടങ്ങൾക്കും വിധേയമായി, 2011-ലെ ഗാർഹിക |

| | | | |
|---|---|---|---|
| | | | തൊഴിലാളി ക്ഷേമനിധി പദ്ധതി ഉൾപ്പെടെ 6 പദ്ധതികൾ കൂട്ടി ചേർത്ത് 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്തുവരുന്ന സാഹചര്യത്തിൽ ഗാർഹിക മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് മാത്രമായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് ആനുകൂല്യങ്ങൾ നൽകേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ